## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *166** — **13-6-2019 - ൽ മറുപടിയ്ക്ക്**

### ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>" ഇ.കെ. വിജയൻ<br>" മുഹമ്മദ് മുഹസിൻ പി.<br>" എൽദോ എബ്രഹാം: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ലീഗൽ മെട്രോളജി ഇൻസ്പെക്ടറാഫീസുകൾ അനുവദിക്കുകയും 63 സ്ഥിരം തസ്തികകളും, 42 ദിവസവേതന തസ്തികകളും സൃഷ്ടിക്കുകയും ചെയ്തു. 14 പുതിയ വാഹനങ്ങൾ അനുവദിച്ചു. വകുപ്പിന്റെ 41 വാഹനങ്ങളിലും ജി.പി.എസ് സംവിധാനം ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച സംശയ ദൂരീകരണത്തിനും, പരാതികൾ നൽകുന്നതിനുമായി ടോൾ ഫ്രീ നമ്പർ, കാൾസെന്റർ, 'സുതാര്യം' മൊബൈൽ ആപ്പ് എന്നിവ ആരംഭിച്ചു. |
| (ബ) അളവിലും തൂക്കത്തിലുമുള്ള നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും ഇ-മെയിൽ മുഖേനയും അളവിലും തൂക്കത്തിലുമുള്ള നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിന് സാധിക്കുന്നതാണ്. |
| (സി) ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങളും പരാതികൾ നൽകുന്നതിനും അവയ്ക്ക് പരിഹാരമുണ്ടാക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങളും വേഗത്തിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; | (സി) പരാതികൾ നൽകുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ, കാൾ സെന്റർ, ജി.പി.എസ് അധിഷ്ഠിത വാഹനങ്ങൾ എന്നിവ നിലവിലുണ്ട്. കൂടാതെ വെബ്സൈറ്റ് (lmd.kerala.gov.in) ഇ-മെയിൽ (clm.lmd@kerala.gov.in) ടെലിഫോൺ എന്നിവ മുഖേനയും പൊതുജനങ്ങൾക്ക് പരാതികൾ നൽകാവുന്നതാണ്. ടി പരാതികൾ വേഗത്തിൽ പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. |

(ഡി) വകുപ്പിനെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന-തിനും സംശയ നിവാരണത്തിനും പരാതി നൽകുന്നതിനുമായി കോൾ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ട്. കേരള സംസ്ഥാന ഐ.ടി മിഷന്റെ കോമൺ കോൾ സെന്ററാണ് വകുപ്പ് ഉപയോഗിച്ചു വരുന്നത്. ഇതിലൂടെ വകുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സംശയ നിവാരണത്തിനും പരാതി നൽകുന്നതിനും സാധിക്കുന്നതാണ്. 0471-155300/ 9400198198 എന്നിവയാണ് കോൾ സെന്ററിൽ ബന്ധപ്പെടാനുള്ള നമ്പറുകൾ.

(ഇ) പത്ര-ദൃശ്യ നവമാധ്യമങ്ങളിലൂടെ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കുമോ?

(ഇ) നവ മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ട്വിറ്റർ എന്നിവയിൽ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ നൽകിയിട്ടുണ്ട്.

FaceBook ID:-

Department of Legal Metrology@clmkerala

facebook.com/clmkerala

Twitter ID:-

Legal Metrology, Kerala@CMetrology

അച്ചടി മാദ്ധ്യമങ്ങളിലും, FM റേഡിയോയിലും വകുപ്പിന്റെ പരസ്യങ്ങൾ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ